കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461, Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253,2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 23.03.2018

## ആദിവാസികളെ പഠിപ്പിക്കാൻ ആദിവാസികൾ

## 350 ആദിവാസി ഇൻസ്ട്രക്ടർമാർക്ക് സാമൂഹ്യസാക്ഷരതാ പരിശീലനം: മുഖ്യമന്ത്രി ഇന്ന് (മാർച്ച് 24,ശനി) ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായി സംസ്ഥാന സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്ന സമഗ്ര ആദിവാസി സാക്ഷരതാപദ്ധതിയുമായി ബന്ധപ്പെട്ട് 350 ഇൻസ്ട്രക്ടർമാർക്കുള്ള സാമൂഹ്യ സാക്ഷരതാ പരിശീലന പരിപാടി 2018, മാർച്ച് 24, 25 തീയതികളിൽ തലസ്ഥാന നഗരിയിൽ നടക്കും. ഇൻസ്ട്രക്ടർമാർ മുഴുവൻ ആദിവാസി വിഭാഗത്തിൽ നിന്നുള്ളവരാണ്. മാർച്ച് 24ന് പകൽ 12ന് തൈക്കാട് പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് അങ്കണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യും. വി.എസ്.ശിവകുമാർ എം.എൽ.എ. അധ്യക്ഷത വഹിക്കും.

സാക്ഷരതാമിഷൻ പുതുതായി ആരംഭിച്ച 'സമഗ്ര' ആദിവാസി സാക്ഷരതാപദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 100 ആദിവാസി ഊരുകളിൽ നിന്നും തിരഞ്ഞെടുത്ത ഇൻസ്ട്രക്ടർമാർ, നിലവിൽ സാക്ഷരതാമിഷൻ നടത്തിവരുന്ന അട്ടപ്പാടി, വയനാട് പ്രത്യേക ആദിവാസി സാക്ഷരതാപരിപാടികൾക്ക് നേതൃത്വം കൊടുക്കുന്ന ഇൻസ്ട്രക്ടർമാർ എന്നിവർക്കാണ് സാമൂഹ്യ സാക്ഷരതാ പരിശീലനം നൽകുന്നത്.

രണ്ടു ദിവസങ്ങളിലായി നടക്കുന്ന സാമൂഹ്യ സാക്ഷരതാ പരിശീലന പരിപാടിയിൽ നിയമം, സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, ലിംഗസമത്വം, കൃഷി, തൊഴിൽ, മാധ്യമം, സിനിമ, സാഹിത്യം, മതനിരപേക്ഷത, വികസനം, വീട്, ഭക്ഷണം, വ്യവസായം, ജനാധിപത്യം എന്നീ 17 വിഷയങ്ങളിലായി ഗ്രൂപ്പ് ചർച്ചകൾ നടക്കും. 'ഭരണഘടനാ മൂല്യങ്ങളും പൗരജീവിതവും', 'നവോത്ഥാന ധാരകൾ', 'സർക്കാരിന്റെ ആദിവാസി ക്ഷേമപദ്ധതികൾ', 'നവകേരളവും ആദിവാസി സമൂഹവും' എന്നീ നാലു വിഷയങ്ങളിലായി അതാതു മേഖലകളിലെ വിദഗ്ധർ നയിക്കുന്ന ക്ലാസുകളും ഉണ്ടാകും.

സമഗ്ര ആദിവാസി സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് സർവേ നടപടികൾ പൂർത്തിയാക്കിയ നൂറു കോളനികളിലും ഏപ്രിൽ മാസത്തിൽ ക്ലാസുകൾ ആരംഭിക്കുമെന്ന് ഡയറക്ടർ ഡോ.പി.എസ്.ശ്രീകല അറിയിച്ചു.

ആദിവാസികളെ മുഖ്യധാരയിലെത്തിക്കാൻ അവരിൽ നിന്നു തന്നെയുള്ള വിദ്യാഭ്യാസമുള്ളവരെ കണ്ടെത്തി പരിപോഷിപ്പിക്കുന്ന സാക്ഷരതാമിഷന്റെ ദൗത്യം രാജ്യത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ തന്നെ ശ്രദ്ധേയമായ ചുവടുവയ്പാണ്. അനൗപചാരിക വിദ്യാഭ്യാസ രംഗത്തു ഇതുവരെ കണ്ടിട്ടില്ലാത്ത വിധമുള്ള സാമൂഹ്യ പരിഷ്കരണത്തിനാണ് സാക്ഷരതാമിഷൻ തുടക്കം കുറിക്കുന്നത്.

ഭാവിയിൽ ആദിവാസിക്ഷേമത്തിനായി നടപ്പിലാക്കുന്ന ഏതുപദ്ധതികളുടെയും നിർവഹണം അവരുടെ പ്രതിനിധികളിലൂടെയാകണമെന്ന വിശാലമായ കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനത്തിനാണ് സംസ്ഥാന സാക്ഷരതാമിഷൻ തുടക്കം കുറിക്കുന്നത്. ആദിവാസികളിലെ മുഴുവൻ വിദ്യാസമ്പന്നരായ ചെറുപ്പക്കാരെയും അണിനിരത്തി അവർക്കിടയിൽ സാമൂഹ്യ സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുവരുന്നത്.

**പബ്ലിക് റിലേഷൻസ് ഓഫീസർ.ഫോൺ: 9995969711**